പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ**
**ചോദ്യം നം. 834** — **14.01.2021-ൽ മറുപടിയ്ക്ക്**

**ഇരിങ്ങാലക്കുട കലാപൈതൃക ഗ്രാമം**

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ. കെ.യു. അരുണൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| എ) ഇരിങ്ങാലക്കുട കലാപൈതൃക ഗ്രാമം പദ്ധതിക്കായി സ.ഉ. (സാധാ) നം. 140/2016/സാം.കാ.വ. തീയതി 22.03.2016 പ്രകാരം സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; | എ) | ഇരിങ്ങാലക്കുട കലാപൈതൃക ഗ്രാമ പദ്ധതിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. |
| ബി) ഇല്ലെങ്കിൽ പുതിയ ഭരണസമിതി രൂപീകരിച്ച് പദ്ധതി ആരംഭിക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിക്കുമോ; | ബി) | സ്ഥാപനത്തിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| സി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | സി) | പ്രസ്തുത പദ്ധതിക്കായി സ.ഉ(സാധാ) നം. 140/2016/സാം.കാ.വ തീയതി 22.03.2016 പ്രകാരം ഇരുപത് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ